**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2145** **30-07-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. എച്ച്. സലാം** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ശബരിമല വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ശബരിമല വികസനവുമായി ബന്ധപ്പെട്ട് സ്വദേശി ദർശൻ പദ്ധതിയിൽ പെട്ട ചുവടെ പറയുന്ന പ്രവൃത്തികൾ നടന്നു വരുന്നു. ശബരിമല- സന്നിധാനം 1. ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ(10 യൂണിറ്റ് ) 2. മണ്ഡപങ്ങൾ -5 എണ്ണം 3. ലാന്റ് സ്കേപ്പിംഗ് വർക്ക് ശബരിമല- മരക്കൂട്ടം ടോയ് ലെറ്റ് ബ്ലോക്ക് ശബരിമല- ശരംകുത്തി ഫസ്ററ് എയിഡ് ആന്റ് ഹെൽത്ത് കിയോസ്ക്ക് തടങ്ങിയവ |
| (ബി) | 2021-ലെ മണ്ഡലകാല-മകരവിളക്ക് മഹോത്സവം കൊവിഡിന്റെ സാഹചര്യത്തിലും മുടക്കം വരാതെ നടത്തുന്നതിനാവശ്യമായ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ തീർത്ഥാടനം സംബന്ധിച്ച മുന്നൊരുക്കം, പമ്പ, എരുമേലി എന്നിവിടങ്ങളിലെ ആശുപത്രികളുടെ സാകര്യം. RTPCRടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യം തുടങ്ങിയ എല്ലാ സംഗതികളിലും ആരോഗ്യ വകുപ്പും റവന്യു (ദേവസ്വം) വകുപ്പും സംയുക്തമായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് 06.07.2021 ന് ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ടതും എന്നാൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | മാസ്റ്റർപ്ലാൻ പദ്ധതി പ്രദേശത്ത് ചെയ്തു വരുന്ന സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെട്ട പമ്പയിലെ ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ നിർമ്മാണം , ടെക്കിംഗ് പാത്ത് എന്റട്രൻസ് സെക്യൂരിറ്റി ചെക്ക് വിത്ത് റൂഫ് കവറിംഗ്, ടെക്കിംഗ് പാത്ത് ടോയലെറ്റ് ബിൽഡിംഗ്, ടെക്കിംഗ് പാത്ത് ഫസ്റ്റ് എയ്ഡ് ആന്റ് കിയോസ്ക്ക്, സന്നിധാനം കവേർഡ് വാൽക്ക് വേ, സന്നിധാനം യാത്രിനിവാസ് പുണ്യ ദർശനം കോംപ്ലെക്സ്, മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ട മെറ്റീരിയൽ റോപ് വേ നിർമ്മാണം എന്നിവയ്ക്ക് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനായി വനം വകുപ്പുമായി ചർച്ച നടത്തി അടിയന്തരമായി പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | വനം വകുപ്പുമായി ചർച്ച നടന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ